**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **08-10-2021 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിനെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും പദ്ധതി, ഫലവർഗ്ഗ വികസന പദ്ധതി എന്നിവയിലുൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഫാമുകളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനായി ഫാമിലുള്ള പ്രജനനത്തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഉത്പാദനോപാധികളുടെ വാങ്ങലിനും, മറ്റ് ദൈനംദിനചെലവുകൾ വഹിയ്ക്കുന്നതിനുമായി 35 ലക്ഷം രൂപയും, പോളിഹൗസുകൾ, റെയിൻഷെൽട്ടറുകൾ തുടങ്ങിയവയിലൂടെ ഹൈടെക് കൃഷി നടത്തുന്നതിനും, അവയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുന്നതിന് കരാർ ജീവനക്കാരെ നിയമിക്കുന്നതിനുമായി 2.5 ലക്ഷം രൂപയും നെല്ലിയാമ്പതി ഫാമിന് അനുവദിച്ചിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി റെയിൻഷെൽട്ടറുകൾ, പോളി ഹൗസുകൾ, ഹാർഡനിംഗ് യൂണിറ്റുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും, ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഫലവർഗ്ഗ വിളകളുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിയ്ക്കുന്നതിനും, ഫലവർഗ്ഗ വിളകളുടെ മാതൃതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമായി 39 ലക്ഷം രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | പ്രസ്തുത ഫാമിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദമാക്കാമോ? | (ബി) | ബ്രക്കോളി, കോളിഫ്ലവർ, ബീൻസ്, കാരറ്റ്, ഉള്ളി തുടങ്ങിയ കൂൾ സീസൺ പച്ചക്കറിത്തൈകൾ പോളിഹൗസിൽ ഉത്പാദിപ്പിച്ച് വരുന്നു. കർഷകർക്ക് കൃഷിഭവനുകളിലൂടെ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് തക്കാളി, പച്ചമുളക് തുടങ്ങിയവയുടെ വിത്തുത്പാദനത്തിനുവേണ്ട പ്രാരംഭ |

| | | | |
|---|---|---|---|
| | | | നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള 8 പ്രോജനി ഓർച്ചാർഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും കാപ്പി, ഓർക്കിഡ്, കുരുമുളക് തുടങ്ങിയവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. പരീക്ഷണാർത്ഥം 50ഓളം ആപ്പിൾ തൈകൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഫ്രൂട്ട് പ്രോസസ്സിംഗ് യൂണിറ്റിൽ ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയ 40 ഓളം മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നു. ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി ഹോസ്റ്റൽ സംവിധാനത്തോടുകൂടിയ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ 6 ഹെക്ടർ സ്ഥലത്ത് പുതിയ ഇനം ഓറഞ്ചും, ഇടവിളയായി കാപ്പിയും, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനത്തോട്ട കൂടി കൃഷി ചെയ്യുന്നതിനായി ഏകദേശം 1.5 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ